# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.829 12.06.2013-ൽ മറുപടിക്ക്**

**നോർത്ത് പറവൂരിൽ നിന്നും എടവനക്കാട് അണിയിൽ വരെയുള്ള ശുദ്ധജല വിതരണ പദ്ധതി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എസ്. ശർമ്മ | ശ്രീ. പി.ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) ജിഡ, ഫിഷറീസ് ഫണ്ട് ഉപയോഗിച്ച് നടന്നുവരുന്ന നോർത്ത് പറവൂരിൽ നിന്നും എടവനക്കാട് അണിയിൽ വരെയുള്ള ശുദ്ധജല വിതരണ പദ്ധതിയുടെ നിർമ്മാണം ഇപ്പോൾ ഏതു ഘട്ടത്തിലെന്ന് വ്യക്തമാക്കാമോ ; | (എ) ജിഡ, ഫിഷറീസ് ഫണ്ട് ഉപയോഗിച്ച് നോർത്ത് പറവൂരിൽ നിന്നും എടവനക്കാട് അണിയിൽ വരെയുള്ള ശുദ്ധജലവിതരണ പദ്ധതിയുടെ പൈപ്പ് ലൈൻ സ്ഥാപിക്കൽ ജോലികൾ 70% പൂർത്തീകരിച്ചിട്ടുണ്ട്. അണിയിൽ നിർമ്മിക്കുന്ന ഉപരിതല ടാങ്കിന്റെ പണി തദ്ദേശവാസികളുടെ തടസ്സവാദങ്ങൾ മൂലം ആരംഭിക്കുവാൻ സാധിച്ചിട്ടില്ല. |
| (ബി) പ്രസ്തുത പദ്ധതി പൂർത്തീകരിക്കുന്നതിന് ഏതെങ്കിലും തടസ്സം നിലവിലുണ്ടോയെന്ന് വ്യക്തമാക്കാമോ; | (ബി) ഫിഷറീസ് ഫണ്ടുപയോഗിച്ച് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികളുടെ രണ്ട് റീച്ചുകളിൽ വരുന്ന അഞ്ച് കനാൽ ക്രോസിംഗുകളിൽ M.S. പൈപ്പ് സ്ഥാപിക്കുന്നതിനു വേണ്ടിയുള്ള തൂണുകൾ നിലവിലുള്ള HDPE പൈപ്പിന്റെ അലൈൻ മെന്റിൽ തന്നെയായതിനാൽ ആയത് പൂർത്തിയാക്കാൻ സാധിച്ചിട്ടില്ല. ഇതിലേയ്ക്കായുള്ള ഡീവിയേഷൻ പ്രൊപ്പോസലിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. ജിഡ യുടെ ആദ്യത്തെ റീച്ചിൽ അലൈൻ മെന്റ് ഡീവിയേഷൻ പ്രകാരം കാന |

പൊളിച്ച് അതിലൂടെ പൈപ്പിടാനുള്ള സാങ്കേതിക ബുദ്ധിമുട്ടുകൾ കാരണം റോഡിൽ കൂടിതന്നെ പൈപ്പ് ഇടുന്നതിനു വേണ്ടി പൊതുമരാമത്ത് വകുപ്പ് അധികാരികളുമായി കൂടിയാലോചിച്ച് വേണ്ട നടപടികൾ എടുത്തു വരുന്നു.

രണ്ടാമത്തെ റീച്ചിൽ അലൈൻമെന്റ് ഡീവിയേഷൻ പ്രകാരം പ്രവൃത്തി ചെയ്യുന്നതിന് കരാറുകാരന് നിർ ദ്ദേശം നൽകിയിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതി എന്നത്തേക്ക് കമ്മീഷൻ ചെയ്യാനാകുമെന്ന് വ്യക്തമാക്കാമോ;

(സി) 2013 ഡിസംബറിൽ കമ്മീഷൻ ചെയ്യാൻ ലക്ഷ്യമിടുന്നു.

(ഡി) പ്രസ്തുത പദ്ധതി പൂർത്തിയായാൽ ഏതെല്ലാം പഞ്ചായത്തുകളിലെ ശുദ്ധജലക്ഷാമം പരിഹരിക്കാനാകുമെന്നും പ്രതീക്ഷിക്കുന്ന ശുദ്ധജലത്തിന്റെ അളവ് എത്രയെന്നും വ്യക്തമാക്കാമോ ?

(ഡി) എടവനക്കാട്, കുഴിപ്പിള്ളി എന്നീ പഞ്ചായത്തുകളിലെ ശുദ്ധജലക്ഷാമം പരഹരിക്കുവാൻ സാധിക്കും. പ്രതീക്ഷിക്കുന്ന ശുദ്ധജലത്തിന്റെ അളവ് 5.5 MLD (Mega liters per day)

സെക്ഷൻ ഓഫീസർ